# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വനിതാ ടാക്സി സർവ്വീസിലെ (ഷീ ടാക്സി എന്ന ജെൻഡർ പാർക്ക് പ്രൊജക്ട്) വാഹനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന പരസ്യനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാ.) നം. **1463**/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരംഃ 10.06.2014.

====================================================================

പരാമർശംഃ-

1. സ.ഉ.(ആർ.ടി.) 425/2013/സാ.നീ.വ. തീയതിഃ 21.08.2013.
2. ജെൻഡർ പാർക്ക് സ്പെഷ്യൽ ഓഫീസറുടെ 08.10.2013-ലെ കത്ത്.
3. 23.10.2013-ലെ 3.6 നമ്പർ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

**<u>ഉത്തരവ്</u>**

വനിതാ ടാക്സി സർവ്വീസസ് (ഷീ-ടാക്സി - ഒരു ജെൻഡർ പാർക്ക് പ്രൊജക്ട്) വാഹനങ്ങളിൽ പതിക്കുന്ന പരസ്യങ്ങൾക്കുമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന പരസ്യ നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശം (2) പ്രകാരം ജെൻഡർ പാർക്ക് സ്പെഷ്യൽ ഓഫീസർ ആവശ്യപ്പെട്ടിരുന്നു.

ഇക്കാര്യം പരിശോധിച്ച 23.10.2013-ലെ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി അതിന്റെ 3.6 നമ്പർ തീരുമാന പ്രകാരം പരാമർശം (1) അനുസരിച്ച് നടപ്പാക്കുന്ന വനിതാ ടാക്സി സർവ്വീസസ് (ഷീ ടാക്സി) എന്ന ജെൻഡർ പാർക്ക് പ്രൊജക്ടിലെ ടാക്സി സർവ്വീസ് വാഹനങ്ങളിലെ പരസ്യങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന പരസ്യ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

സർക്കാർ 21.08.2013-ലെ സ.ഉ.(ആർ.ടി.) 425/2013/SJD അനുസരിച്ച് നടപ്പിലാക്കുന്ന വനിതാ ടാക്സി സർവ്വീസസ് (ഷീ ടാക്സി) എന്ന ജെൻഡർ പാർക്ക് പ്രൊജക്ടിലെ വാഹനങ്ങളിലെ പരസ്യങ്ങൾക്കുമേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന പരസ്യ നികുതി ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സാമൂഹ്യനീതി വകുപ്പ്.

സ്പെഷ്യൽ ഓഫീസർ, ജെൻഡർ പാർക്ക്, എ-17, ബ്രാഹ്മിൻസ് കോളനി ലൈൻ, കവടിയാർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ / ആഡിറ്റ് /എൽ.ബി.എ.&എ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മിഷൻ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.